തൃശ്ശൂർ	-	3
പാലക്കാട്	-	9
മലപ്പുറം	-	3
കോഴിക്കോട്	-	3
കണ്ണൂർ	-	4
കാസർഗോഡ്	-	1
ആകെ		68

LIBRARY ARCHIVES Kerala Legislative Assembly

റിവർ മാനേജ്മെന്റ് ഫണ്ട്

125 (3872) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ എത്ര തുക ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ രണ്ട് വർഷമായി ഈ തുകയിൽ നിന്നും ഏതെല്ലാം പ്രവൃത്തികൾക്ക് പണം അനുവദിച്ചിട്ടുണ്ട് എന്ന് മണ്ഡലം അടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ 58,16,62,990 (അൻപത്തിയെട്ട് കോടി പതിനാറ് ലക്ഷത്തി അറുപത്തിരണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്) രൂപ 31-3-2015-ന് നീക്കിയിരിപ്പുണ്ട്.

(ബി) കഴിഞ്ഞ രണ്ട് വർഷത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടപ്പാക്കാൻ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു*.

റിവർ മാനേജ്മെന്റ് ഫണ്ട്

126 (3873) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ എത്ര തുക അവശേഷിക്കുന്നു എന്നും ഈ ഫണ്ടിന്റെ ഉറവിടം എന്തൊക്കെയെന്നും വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ റിവർ മാനേജ്മെന്റിൽനിന്നും എത്ര തുക വീതം ഓരോ വർഷവും കോട്ടയം ജില്ലയിൽ ചെലവഴിച്ചുവെന്നും ഇതിൽ എത്ര തുകയാണ് വൈക്കം പരിധിയിൽ ചെലവഴിച്ചിട്ടുള്ളതെന്നും ഏതൊക്കെ പ്രവൃത്തികൾക്കെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്